(ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) വിവരം ശേഖരിച്ചു വരുന്നു.

(ഐ) സമയബന്ധിത പ്രോജക്ട് വർക്കുകൾ പൂർത്തിയാക്കുന്നതിനു വേണ്ടി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നവരുടെ സേവനം ആ ജോലി തീരുന്ന മുറയ്ക്ക് അവസാനിപ്പിക്കുകയാണ് പതിവ്.

ആലപ്പുഴ പുളിങ്കുന്നിൽ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം

134 (3011) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ പുളിങ്കുന്നിൽ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റി വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം നിയമപരമായി രേഖാമൂലം യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) സ്ഥലം കൈമാറ്റം നടക്കുന്നതിനു മുൻപേ ഭീമമായ തുക ചെലവഴിച്ച് ഈ കായൽ നിലം നികത്തുന്നതിന് സർവ്വകലാശാല നടപടികൾ ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സെന്റിന് എന്ത് വില പ്രകാരമാണ് ഈ ഭൂമി വാങ്ങുന്നത് ; എത്ര ഏക്കർ ഭൂമിയാണ് വാങ്ങുന്നത് ;

(ഡി) ഇതിലും കുറഞ്ഞ വിലയ്ക്ക് ആലപ്പുഴ ജില്ലയിൽ തന്നെ കോളേജിന് പറ്റിയ നിരപ്പായ സ്ഥലം ലഭ്യമാണെന്നുള്ള വസ്തുത സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഉയർന്ന വിലയ്ക്ക് ഈ കായൽ നിലം വാങ്ങുവാൻ തീരുമാനിച്ചതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) നിരപ്പ് ഭൂമിയെക്കാളേറെ വില നൽകി ഏറ്റെടുക്കുന്ന ഈ ഭൂമിയിൽ മണ്ണിട്ട് നികത്തുന്നതിന് സെന്റൊന്നിന് എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്; മണ്ണിട്ട് നികത്തുന്നതിനുള്ള മൊത്തം ചെലവ് എത്ര രൂപയാകും ;

(ജി) ഇതിന് അംഗീകാരം നൽകുന്നതിനായി സ്പെഷ്യൽ സിൻഡിക്കേറ്റ് യോഗം കൂടിയിരുന്നോ ;

(എച്ച്) എല്ലാ നടപടിക്രമങ്ങളും ഒഴിവാക്കി ഭൂമി ഏറ്റെടുക്കുന്നതിനും സ്ഥലം നികത്തുന്നതിനും കൊച്ചിൻ യൂണിവേഴ്സിറ്റി തിടുക്കത്തിൽ കൈക്കൊണ്ട തീരുമാനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly